**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1933** 10.03.2020 - ൽ മറുപടിക്ക്.

# റേഷൻ കടകളിലെ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി. :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഓരോ മാസവും ജില്ലാ തലത്തിൽ നടക്കുന്ന പരിശോധനകൾ അവലോകനം ചെയ്യുന്നുണ്ട്. നിലവിലുള്ള നിർദ്ദേശങ്ങൾ പ്രകാരം പരിശോധന നടക്കാത്ത സാഹചര്യങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഓരോ മാസത്തിലും 100% പരിശോധന നടത്തുന്നതിന് ഒരു ജില്ലയെ തെരഞ്ഞെടുക്കുന്നുണ്ട്. ആയത് പ്രകാരം പരിശോധന നടക്കുന്നുവെന്നും ഉറപ്പ് വരുത്തുന്നു.<br>എഫ്.സി.ഐ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിച്ച ശേഷമാണ് ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ എത്തുന്നത്. മട്ട അരി സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് ഗോഡൗണുകളിൽ സൂക്ഷിക്കുന്നത്. ഗുണനിലവാരമില്ലാത്ത റേഷൻ സാധനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കാർഡുടമകൾക്ക് വിതരണം ചെയ്യരുതെന്ന് ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ /താലൂക്ക് സപ്ലൈ ഓഫീസർ /റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ കൃത്യമായി പരിശോധനകൾ നടത്തി റേഷൻ കടകൾ വഴി ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. എൻ.എഫ്.എസ്.എ ഗോഡൗണുകളിലും, റേഷൻ കടകളിൽ നിന്നും സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ First in First out തത്വം പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി പല തലത്തിലുമുള്ള പരിശോധനകളും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| **(ബി)** | എഫ്.സി.ഐ.യിലെ ക്വാളിറ്റി കൺട്രോളർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും സപ്ലൈകോ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ നീതിയുക്തമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കാറുണ്ടോ; അറിയിക്കാമോ; | | |
| **(സി)** | ഉന്നത തല ഉദ്യോഗസ്ഥർ റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കാമോ? | **(സി)** | വകുപ്പുതല പരിശോധനകൾക്ക് പുറമേ, സർക്കാർ തലത്തിൽ ലഭിക്കുന്ന പരാതികൾ, പത്രവാർത്തകൾ മുതലായവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല പരിശോധനാ സംഘങ്ങൾ റേഷൻകടകളിലും ഗോഡൗണുകളിലും പരിശോധന നടത്തി ക്രമക്കേടുകൾ വിലയിരുത്തി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**